പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3406 　　　　　　　　19.06.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യുടെ ബാധ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിലെ നിലവിലെ മൊത്തം ബാധ്യതയിൽ സർക്കാർ വായ്പയായി ലഭിച്ച തുക എത്രയാണ്; | (എ) | കെ.എസ്.ആർ.ടി.സി.യുടെ മൊത്തം ബാദ്ധ്യതയിൽ, 31/3/2019 വരെ സർക്കാർ വായ്പയായി ലഭിച്ച തുക 3817.15 കോടി രൂപയാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി., ഡീസൽ കുടിശ്ശികയിനത്തിൽ വിവിധ ഓയിൽ കമ്പനികൾക്ക് വൻ കുടിശ്ശിക നൽകുവാനുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 22.03.2013 മുതൽ 17.09.2013 വരെ കേന്ദ്ര സർക്കാർ ബൾക്ക് കൺസ്യൂമർക്കുള്ള സബ്സിഡി നിർത്തലാക്കിയ വകയിൽ താഴെ പറയുന്ന പൊതുമേഖലാ എണ്ണ കമ്പനികൾക്ക് കുടിശ്ശിക തുക നൽകാനുണ്ട്. ഈ ഇനത്തിൽ M/s. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് 3,80,42,817/- രൂപയും, M/s. ഇന്ത്യൻ ഓയിൽ കോർപ്പറേഷന് 62,59,65,497/- രൂപയും നൽകാനുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എത്രയാണ്; ഇതിന് ഓരോന്നിനും പ്രതിമാസം നൽകേണ്ട പലിശ എത്ര വീതമാണ്; | (സി) | കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൺസോർഷ്യം വായ്പയായി 31.03.2018-ൽ എടുത്തിട്ടുള്ള തുക 3100 കോടി രൂപയാണ്. പ്രതിമാസം 9.20% പലിശ വീതമാണ് നൽകേണ്ടത്. കെ.എസ്.ആർ.ടി.സി.യുടെ കണക്ക് പ്രകാരം, വായ്പ ഇനത്തിൽ ബാങ്കുകൾക്ക് പ്രതിമാസം നൽകേണ്ട ശരാശരി പലിശയുടെ വിവരം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു. |

| ബാങ്കുകളുടെ പേര് | പലിശ ഇനത്തിൽ നൽകുന്ന തുക (തുക കോടി രൂപയിൽ) |
|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 7.58 |
| കാനറ ബാങ്ക് | 3.75 |
| വിജയ ബാങ്ക് | 3.75 |
| ലക്ഷ്മി വിലാസ് ബാങ്ക് | 1.18 |
| കെ.റ്റി.ഡി.എഫ്.സി. | 1.08 |
| ആന്ധ്ര ബാങ്ക് | 3.75 |
| യൂണിയൻ ബാങ്ക് | 2.25 |
| ആകെ | 23.34 |

കെ.ടി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് ഇരു സ്ഥാപനങ്ങളുടേയും കണക്കുകളിൽ വ്യത്യാസം ഉള്ളതിനാൽ, ആയത് ചാർട്ടേർഡ് അക്കൗണ്ടൻസി സ്ഥാപനമായ M/s. വർമ്മ & വർമ്മ മുഖേന റീക്കൺസീലിയേറ്റ് ചെയ്യാൻ കെ.എസ്. ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൺസോർഷ്യം വായ്പ ഒഴികെയുള്ള വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് കെ.ടി.ഡി. എഫ്.സി.യുടെ കണക്കുകൾ ചുവടെ കാണാവുന്നതാണ്.

| വായ്പാ ഇനം | മുതൽ ഇനത്തിൽ ശേഷിക്കുന്ന തുക (കോടി രൂപയിൽ) | പലിശ ഇനത്തിലെ കുടിശ്ശിക തുക (കോടി രൂപയിൽ) | പ്രതിമാസ പലിശ തുക (കോടി രൂപ യിൽ) |
|---|---|---|---|
| ഹ്രസ്വ കാല വായ്പ | 332.37 | 26.56 | 3.32 |
| ദീർഘ കാല വായ്പ | 121 | 16.17 | 1.14 |

| | | | |
|---|---|---|---|
| (ഡി) | നിലവിലെ സ്ഥിതിയിൽ കെ.എസ്. ആർ.ടി.സി.യെ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (ഡി) | ഉണ്ട്.<br>ഇന്ധനക്ഷമത വർദ്ധിപ്പിക്കുക, ടയർ മൈലേജ് വർദ്ധിപ്പിക്കുക, ഓയിൽ ചെലവ് കുറയ്ക്കുക, കൃത്യമായി സ്പെയർ പാർട്ട്സും, ജീവനക്കാരെയും ലഭ്യമാക്കി മെയിന്റനൻസ് മെച്ചപ്പെടുത്തി ബ്രേക്ക്ഡൗൺ കുറയ്ക്കുക, വാഹന ഉപയോഗം മെച്ചപ്പെടുത്തുക തുടങ്ങിയവയിലൂടെ ചെലവ് ചുരുക്കി ലാഭകരമാക്കാൻ ശ്രമം നടത്തി വരികയാണ്.<br>നിലവിലെ സ്ഥിതിയിൽ കെ.എസ്. ആർ.ടി.സി.യെ ലാഭകരമായി പ്രവർത്തിപ്പിക്കാൻ വേണ്ട സമഗ്രമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തി വരുന്നുണ്ട്. ഷെഡ്യൂളുകൾ യാത്രക്കാർക്കും, കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചും മാനവവിഭവശേഷി പരമാവധി ഉപയോഗപ്പെടുന്നതിനും ഇതിനോടകം വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം പുനഃക്രമീകരിച്ചിട്ടുണ്ട്. പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും, പുതിയ വർക്ക് നോംസ് തയ്യാറാക്കുന്നതിനുമായി സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ഏൽപ്പിക്കുകയും അവർ നൽകിയ കരട് റിപ്പോർട്ട് പ്രകാരമുള്ള ശുപാർശകൾ നടപ്പിലാക്കുന്നത് പുരോഗതിയിലുമാണ്. ഫ്ലോട്ട് യൂണിറ്റുകൾ വാങ്ങി നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ഇന്ധനക്ഷമത ദേശീയ ശരാശരിയിലേക്ക് എത്തിക്കുന്നതിലേക്കായി ഡ്രൈവർമാർക്ക് ട്രെയിനിംഗ് നൽകുകയും അതോടൊപ്പം തന്നെ ഡിപ്പോ മോണിറ്ററിംഗ് ശക്തിപ്പെടുത്തി ഇന്ധനക്ഷമത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്പെയർ പാർട്ട്സ് വാങ്ങുന്നതും ഇൻവെന്ററി കൺട്രോൾ ഏകീകരിക്കുക, കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുക എന്നീ ശുപാർശകളിന്മേൽ നടപടി ആരംഭിക്കുകയും ആയത് പുരോഗതിയിലുമാണ്. ഡിപ്പോ വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും ആയതിന്റെ പ്രവർത്തന മികവ് |

| | | | |
|---|---|---|---|
| | | | വിലയിരുത്തുകയും ചെയ്തുവരുന്നു.<br>ബസിന്റെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള നടപടിക്രമം നടപ്പിലാക്കി വരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം ക്രമീകരിച്ച് വാഹനങ്ങൾക്ക് യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തുകയും ആയത് ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ ഡ്യൂട്ടി പരിഷ്കരണത്തിലൂടെ മെയിന്റനൻസിനായി പകൽ സമയം ബസ്സുകൾ പിടിച്ചിടുന്നത് ഒഴിവായതിലൂടെ കുറഞ്ഞത് 100 ബസ്സുകൾ എങ്കിലും പ്രതിദിനം അധികമായി സർവ്വീസിന് നൽകാനും കഴിയുന്നുണ്ട്. ടയർ, കെ.എം.പി.എൽ, ലൂബ്രിക്കൻസ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് മേഖലകളായി തിരിച്ച് അസിസ്റ്റന്റ് വർക്ക്സ് മാനേജർമാരെ നിയോഗിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചെലവ് ചുരുക്കുന്നതും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതും കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കുറയ്ക്കുവാൻ സഹായിക്കും.<br>കെ.എസ്.ആർ.ടി.സി ലാഭകരമാക്കാനുള്ള നടപടിയുടെ ഭാഗമായി സർവീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സിയുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യ അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും, ലേലം/ടെണ്ടർ നടപടികളിലൂടെ നൽകിയും, കൊറിയർ & പാഴ്സൽ സർവ്വീസ്, ബാങ്ക് എ.റ്റി.എം, കോഫീ വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാക്കിയും കൂടാതെ കെ.എസ്.ആർ.ടി.സിയുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ അധീനതയിൽ |

| | | | |
|---|---|---|---|
| | | | നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റാളുകൾ എൽ.ആർ.സ്റ്റാൾ, ക്യാന്റീൻ, ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർ ലേലം നടത്തുകയും, സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ലൈസൻസ് ഫീയിൽ 100% വർദ്ധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീയിൽ വർദ്ധനവ് വരുത്തുവാനും കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിലും, കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവർ, ഡിജിറ്റൽ വീഡിയോ വോൾ എന്നിവ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിലും വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റം വരുത്തിയത് വഴി കെ.എസ്.ആർ.ടി.സി. ബസുകൾ പരസ്യത്തിനു നൽകുന്നത് വഴി പ്രതിവർഷം 8.38 കോടി രൂപയിൽ നിന്നും 21 കോടി രൂപയിലേക്കും, കെ.യു.ആർ.ടി.സി ബസ്സുകളിൽ 1.30 കോടി രൂപയിൽ നിന്നും 5.33 കോടി രൂപയിലേക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേക്ക് 59 കോടി രൂപയിൽ നിന്നും |

| | | | |
|---|---|---|---|
| | | | 161 കോടി രൂപയിലേക്ക് ഗണ്യമായ വർദ്ധനവാണ് കെ.എസ്.ആർ.ടി.സി-യ്ക്ക് ലഭിച്ചത്. കെ.എസ്.ആർ.ടി.സി ബസുകളിൽ കൊറിയർ പാർസൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000/- രൂപ ലഭിക്കുന്നു. ഇത് പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറു മടങ്ങ് വർദ്ധനവ് ആണ്. |

സെക്ഷൻ ഓഫീസർ